LIBRARY ARCHIVES Kerala Legislative Assembly

ഫെയർ സ്റ്റേജ് നിർണ്ണയം സംബന്ധിച്ച് ഉത്തരവുകൾ

248 (7811) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫെയർ സ്റ്റേജ് നിർണ്ണയം നടത്തുന്നതിന് ആധാരമായ നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പ്രസക്തഭാഗങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഫെയർസ്റ്റേജ് നിർണ്ണയം നടത്തുന്നതിന് ആധാരമായ നിയമം, ചട്ടം എന്നിവയുടെ പ്രസക്തഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യ വികസനത്തിനായി സെസ്

249 (7812) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് സെസ് ഏർപ്പെടുത്തുന്നതിലൂടെ സ്വരൂപിക്കുന്ന അധികതുക എപ്രകാരം വിനിയോഗിക്കുവാനാണുദ്ദേശിക്കുന്നത് ;

(ബി) യാത്രക്കാരുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഇതിൽനിന്നും തുക വിനിയോഗിക്കുമോ ?

ഉത്തരം

(എ) 15 കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കുന്ന യാത്രക്കാരിൽനിന്നും സോഷ്യൽ സെക്യൂരിറ്റി സെസ് ഇനത്തിൽ നിശ്ചിത തുക ഈടാക്കി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ബി) സോഷ്യൽ സെക്യൂരിറ്റി സെസ് ഇനത്തിൽ യാത്രക്കാരിൽനിന്നും ഈടാക്കുന്ന തുക യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നുള്ള പുതിയ ഷെഡ്യൂളുകൾ

250 (7813) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര ഷെഡ്യൂളുകളാണ് പുതിയതായി ആരംഭിച്ചിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ ഏതെങ്കിലും സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ ;

(സി) പുതിയ ഷെഡ്യൂളുകൾ ആരംഭിക്കണമെന്ന എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 6 ഷെഡ്യൂളുകൾ

(ബി) ഒരു സർവ്വീസും നിർത്തലാക്കിയിട്ടില്ല.

(സി) ആകെ 18 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

1. കരുനാഗപ്പള്ളി - കരാറ്റാൽക്കടവ് (ചവറവഴി)
2. കരുനാഗപ്പള്ളി - ആലുംകടവ് - അഞ്ചൽ
3. കരുനാഗപ്പള്ളി - പുതിയകാവ് - ഭരണിക്കാവ് - പുനലൂർ
4. കരുനാഗപ്പള്ളി- കോഴിക്കോട് - ആലുംകടവ് - വള്ളിക്കാവ്വഴി ഓച്ചിറ
5. കരുനാഗപ്പള്ളി - മണ്ണൂർക്കാവ് - തെക്കുംഭാഗം - ചിന്നക്കട
6. കരുനാഗപ്പള്ളി- മണ്ണൂർക്കാവ്-തലയിണക്കാവ്-തിരുവനന്തപുരം(FP)
7. കരുനാഗപ്പള്ളി - എച്ച്.എസ്.ജംഗ്ഷൻ - ആലുംകടവ് - പ്രയാർ-ഓച്ചിറവഴി വണ്ടാനം മെഡിക്കൽ കോളേജ്
8. കരുനാഗപ്പള്ളി - എച്ച്എസ്. ജംഗ്ഷൻ - ആലുംകടവ് - പ്രയാർ - ഓച്ചിറവഴി അമൃതാ മെഡിക്കൽ കോളേജ്
9. കരുനാഗപ്പള്ളി - പാവുമ്പ - വെട്ടിക്കോട് - ചക്കുളത്തുകാവ്വഴി ഗുരുവായൂർ
10. കരുനാഗപ്പള്ളി - വവ്വാക്കാവ് - പാവുമ്പ - ചുരുളി - കടമ്പനാട് വഴി മണ്ണടിക്ഷേത്രം
11. കരുനാഗപ്പള്ളി - ആലപ്പാട് ക്ഷേത്രം
12. കരുനാഗപ്പള്ളി - രാജഗിരി - ഭരണിക്കാവ്വഴി അടൂർ
13. കരുനാഗപ്പള്ളി -ശാസ്താംകോട്ട റയിൽവേ സ്റ്റേഷൻ-നെൽപ്പുരക്കുന്ന്-കടപുഴ
14. കരുനാഗപ്പള്ളി - ചെറിയഴീക്കൽ - കായംകുളം
15. കരുനാഗപ്പള്ളി - കാക്കത്തുരുത്ത് - മുണ്ടുതുറ ക്ഷേത്രം - കായംകുളം
16. കരുനാഗപ്പള്ളി - ശാസ്താംകോട്ട - എറണാകുളം - അമൃത മെഡിക്കൽ കോളേജ്
17. കരുനാഗപ്പള്ളി - പാട്ടത്തിൽക്കടവ് -ആലുംകടവ് -കരുനാഗപ്പള്ളിവഴി ചിന്നക്കട
18. കരുനാഗപ്പള്ളി - കാട്ടിൽക്കടവ്വഴി കുന്നമ്പായിക്കുളം.

LIBRARY ARCHIVES Kerala Legislative Assembly